മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

31.12.2023

**ശബരിമലയെ മാലിന്യമുക്തമാക്കാൻ പവിത്രം ശബരിമല**

മകരവിളക്ക് മഹോത്സവത്തിനോട് അനുബന്ധിച്ച് ശബരിമലയെ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി പവിത്രം ശബരിമലയുടെ ഭാഗമായുള്ള പരിസര ശുചീകരണം സന്നിധാനത്ത് നടന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവിഷ്കരിച്ച ശബരിമല സമ്പൂർണ്ണ ശുചീകരണ യജ്ഞ പദ്ധതിയാണിത്. നിത്യവും ഒരു മണിക്കൂർ വീതമാണ് പവിത്രം ശബരിമലയുടെ ഭാഗമായി സന്നിധാനവും പരിസരവും ശുചീകരിക്കുന്നത്.

എല്ലാ ദിവസവും രാവിലെ ഒൻപതുമുതൽ ഒരു മണിക്കൂർ സമയമാണ് സന്നിധാനത്തും പരിസരങ്ങളിലും വൃത്തിയാക്കാനായി നീക്കിവച്ചിരിക്കുന്നത്. ദേവസ്വം ബോർഡ് ജീവനക്കാർക്ക് പുറമേ, ഡ്യൂട്ടിയിലുള്ള മറ്റ് വകുപ്പ് ജീവനക്കാർ, അയ്യപ്പസേവാസംഘം പ്രവർത്തകർ, വിശുദ്ധി സേനാംഗങ്ങൾ തുടങ്ങിയവരും ഈ ശുചീകരണ, ബോധവത്കരണ പരിപാടിയിൽ സജീവമായി പങ്കാളികളാകുന്നുണ്ട്.

ഇതോടൊപ്പം പൂങ്കാവനം ശുചിത്വപൂർമായി കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അയ്യപ്പഭക്തർക്കിടയിൽ ബോധവത്കരണവും നടത്തുന്നുണ്ട്. സന്നിധാനത്ത് രാവിലെ നടന്ന പവിത്രം ശബരിമല ബോധവത്കരണത്തിന് എക്സിക്യൂട്ടീവ് ഓഫീസർ കൃഷ്ണകുമാർ നേതൃത്വം നൽകി.

**ശബരിമലയിൽ കളഭാഭിഷേകം**



ശബരിമലയിലെ പ്രധാനപ്പെട്ട വഴിപാടുകളിലൊന്നായ കളഭാഭിഷേകം ഞായറാഴ്ച (ഡിസംബർ 31) നടന്നു. മകരവിളക്ക് തീർത്ഥാടനത്തിനായി നട തുറന്നതിനു ശേഷമുള്ള ആദ്യ കളഭാഭിഷേകം ആയിരുന്നു ഇത്. നിത്യേനയുള്ള 25 കലശാഭിഷേകം കഴിഞ്ഞ് ഉച്ചയ്ക്ക് 12ന് ഉച്ചപൂജയ്ക്ക് മുൻപായാണ് ശബരീശന്റെ ഇഷ്ട വഴിപാടുകളിൽ ഒന്നായ കളഭാഭിഷേകം നടന്നത്. തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ മുഖ്യ കാർമികത്വത്തിൽ കിഴക്കേ മണ്ഡപത്തിൽ പൂജിച്ച് കളഭകുംഭം മേൽശാന്തി പി എൻ മഹേഷ് നമ്പൂതിരി വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ പ്രദക്ഷിണം നടത്തിയ ശേഷമാണ് ശ്രീകോവിലിൽ എത്തിച്ച് കളഭാഭിഷേകം നടത്തിയത്.

**നെയ്യഭിഷേകത്തിന് തുടക്കമായി**

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് നട തുറന്ന ശബരീശ സന്നിധിയിൽ നെയ്യഭിഷേകത്തിന് തുടക്കമായി. ഞായറാഴ്ച (ഡിസം. 31 )രാവിലെ മൂന്നിന് .നിർമാല്യ ദർശനത്തിനും ഗണപതി ഹോമത്തിനും പതിവ് അഭിഷേകത്തിനും ശേഷം 3 30ന് നെയ്യഭിഷേകം ആരംഭിച്ചു. ഏഴു മണി വരെയും തുടർന്ന് രാവിലെ 8 മുതൽ 11.30 വരെയായിരുന്നു. അഭിഷേകം. രാവിലെ 3.30ന് തന്ത്രി കണ്ഠര് മഹേഷ് മോഹനര് സ്വർണ

കുംഭത്തിൽ ആദ്യം നെയ്യഭിഷേകം നടത്തി. തുടർന്ന് മേൽശാന്തി പി എൻ മഹേഷ് നമ്പൂതിരി അഭിഷേകംനടത്തി. മകരവിളക്കു മഹോത്സവത്തിന്ജനുവരി 19 വരെയാണ് തീർത്ഥാടകരുടെ നെയ്യഭിഷേകത്തിന് അനുമതിയുള്ളത്.

**സന്നിധാനത്ത് ഇനി സൗജന്യ വൈഫൈ: പുതുവത്സരദിനത്തിൽ 27 കേന്ദ്രങ്ങളിൽ**

നാളെ ( 2024 ജനുവരി ഒന്ന്)മുതൽ മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള 27 കേന്ദ്രങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാകും.

ഒരു മൊബൈൽ നമ്പറിൽ നിന്ന് ആദ്യത്തെ അരമണിക്കൂർ വൈഫൈ സൗജന്യമായിരിക്കും.

ശബരിമല സന്നിധാനത്തു സൗജന്യമായി വൈ ഫൈ സേവനം ലഭ്യമാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. പൊതുമേഖലാ ടെലികോം കമ്പനിയായ ബി.എസ്.എൻ.എല്ലുമായി സഹകരിച്ചുള്ള പദ്ധതിക്ക് നടപ്പന്തലിൽ നടന്ന ചടങ്ങിൽ ഡിസം.25 ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് തുടക്കം കുറിച്ചിരുന്നു. ശബരിമലയിലെത്തുന്ന ഭക്തർ നേരിടുന്ന മൊബൈൽ, ഇന്റർനെറ്റ് കണക്ടിവിറ്റി അടക്കമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നതാണ് ദേവസ്വം ബോർഡിന്റെ പദ്ധതി. നിലവിൽ നടപ്പന്തലിലെ രണ്ടു കേന്ദ്രങ്ങളിലാണ് 100 എം.ബി.പി.എസ്. വേഗത്തിൽ വൈഫൈ ലഭ്യമാക്കിയിട്ടുള്ളത്. ജനുവരി ഒന്ന്മുതൽ മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള 27 കേന്ദ്രങ്ങളിൽ സൗജന്യവൈഫൈ ലഭിക്കും.

ഒരു മൊബൈൽ നമ്പറിൽ നിന്ന് ആദ്യത്തെ അരമണിക്കൂർ വൈഫൈ സൗജന്യമായിരിക്കും. തുടർന്ന് ഒരു ജിബിക്ക് 9 രൂപ നൽകണം. 99 രൂപയുടെ ബി.എസ്.എൻ.എൽ. റീച്ചാർജ് നടത്തിയാൽ ദിവസം 2.5 ജിബി വച്ചുപയോഗിക്കാവുന്ന പ്ലാനും പ്രയോജനപ്പെടുത്താം.

ബി.എസ്.എൻ.എൽ വൈഫൈ അല്ലെങ്കിൽ ബി.എസ്.എൻ.എൽ. പിഎം വാണി എന്ന വൈഫൈ യൂസർ ഐഡിയിൽ കയറി കണക്ട് എന്നു ക്ലിക്ക് ചെയ്യുമ്പോൾ ഒരു വെബ്പേജ് തുറന്നുവരും. അതിൽ 10 അക്ക മൊബൈൽ നമ്പർ നൽകുമ്പോൾ ആറക്ക പിൻ എസ്.എം.എസായി ലഭിക്കും. അതുപയോഗിച്ചു വൈ ഫൈ കണക്ട് ആക്കാം.

നടപ്പന്തലിലെ രണ്ടു കേന്ദ്രങ്ങൾ കൂടാതെ പാണ്ടിത്താവളത്തെ ബി.എസ്.എൻ.എൽ. എക്സ്ചേഞ്ച് (2), ജ്യോതിനഗറിലെ ബി.എസ്.എൻ.എൽ. സെന്റർ(4), മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള

ആറു ക്യൂ കോംപ്ലക്സുകൾ എന്നിവിടങ്ങളിലായി 14 ഇടത്ത് വൈഫൈ സൗകര്യം ഇതിനോടകം ഒരുക്കിയിട്ടുണ്ട്. ബാക്കി 13 കേന്ദ്രങ്ങളിൽ കൂടി സൗകര്യം ഡിസംബർ 30ന് മുമ്പ് പൂർത്തിയാക്കി മകരവിളക്കുത്സവത്തിനായി നട തുറക്കുമ്പോൾ സേവനം ലഭ്യമാക്കും.

അക്കോമഡേഷൻ ഓഫീസ് പരിസരം ,നടപ്പന്തലിലെ സ്റ്റേജിനു ഇടതു വലതു വശങ്ങൾ ,നടപ്പന്തലിലെ മധ്യഭാഗത്ത് ഇടത് -വലത് ഭാഗങ്ങൾ ,നടപ്പന്തലിലേക്ക് പ്രവേശിക്കുന്നിടത്ത് ഇടതും വലതും ഭാഗങ്ങൾ ,അപ്പം - അരവണ കൗണ്ടർ , നെയ്യഭിഷേക കൗണ്ടർ , അന്നദാനമണ്ഡപം , മാളികപ്പുറത്തെ രണ്ട് നടപ്പന്തലുകൾ എന്നിവിടങ്ങളിലാണ് ഈ കേന്ദ്രങ്ങൾ.

ഈ സീസണിൽ തന്നെ പമ്പയിലും നിലയ്ക്കലും കൂടി വൈഫൈ സൗകര്യമൊരുക്കമെന്നും അടുത്ത സീസണിൽ പ്രധാനപ്പെട്ട ഇടത്താവളങ്ങളിലും വൈഫൈ ലഭ്യമാക്കുമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് പറഞ്ഞു.

**സന്നിധാനത്ത് ഇനി സൗജന്യ വൈഫൈ; പുതുവത്സരദിനത്തിൽ 27 കേന്ദ്രങ്ങളിൽ**

നാളെ ( 2024 ജനുവരി ഒന്ന്)മുതൽ മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള 27 കേന്ദ്രങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാകും.ഒരു മൊബൈൽ നമ്പറിൽ നിന്ന് ആദ്യത്തെ അരമണിക്കൂർ വൈഫൈ സൗജന്യമായിരിക്കും.

ശബരിമല സന്നിധാനത്തു സൗജന്യമായി വൈ ഫൈ സേവനം ലഭ്യമാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. പൊതുമേഖലാ ടെലികോം കമ്പനിയായ ബി.എസ്.എൻ.എല്ലുമായി സഹകരിച്ചുള്ള പദ്ധതിക്ക് നടപ്പന്തലിൽ നടന്ന ചടങ്ങിൽ ഡിസം.25 ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് തുടക്കം കുറിച്ചിരുന്നു. ശബരിമലയിലെത്തുന്ന ഭക്തർ നേരിടുന്ന മൊബൈൽ, ഇന്റർനെറ്റ് കണക്ടിവിറ്റി അടക്കമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നതാണ് ദേവസ്വം ബോർഡിന്റെ പദ്ധതി. നിലവിൽ നടപ്പന്തലിലെ രണ്ടു കേന്ദ്രങ്ങളിലാണ് 100 എം.ബി.പി.എസ്. വേഗത്തിൽ വൈഫൈ ലഭ്യമാക്കിയിട്ടുള്ളത്. ജനുവരി ഒന്ന്മുതൽ മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള 27 കേന്ദ്രങ്ങളിൽ സൗജന്യവൈഫൈ ലഭിക്കും.

ഒരു മൊബൈൽ നമ്പറിൽ നിന്ന് ആദ്യത്തെ അരമണിക്കൂർ വൈഫൈ സൗജന്യമായിരിക്കും. തുടർന്ന് ഒരു ജിബിക്ക് 9 രൂപ നൽകണം. 99 രൂപയുടെ ബി.എസ്.എൻ.എൽ. റീച്ചാർജ് നടത്തിയാൽ ദിവസം 2.5 ജിബി വച്ചുപയോഗിക്കാവുന്ന പ്ലാനും പ്രയോജനപ്പെടുത്താം.

ബി.എസ്.എൻ.എൽ വൈഫൈ അല്ലെങ്കിൽ ബി.എസ്.എൻ.എൽ. പിഎം വാണി എന്ന വൈഫൈ യൂസർ ഐഡിയിൽ കയറി കണക്ട് എന്നു ക്ലിക്ക് ചെയ്യുമ്പോൾ ഒരു വെബ്പേജ് തുറന്നുവരും. അതിൽ 10 അക്ക മൊബൈൽ നമ്പർ നൽകുമ്പോൾ ആറക്ക പിൻ എസ്.എം.എസായി ലഭിക്കും. അതുപയോഗിച്ചു വൈ ഫൈ കണക്ട് ആക്കാം.

നടപ്പന്തലിലെ രണ്ടു കേന്ദ്രങ്ങൾ കൂടാതെ പാണ്ടിത്താവളത്തെ ബി.എസ്.എൻ.എൽ. എക്സ്ചേഞ്ച് (2), ജ്യോതിനഗറിലെ ബി.എസ്.എൻ.എൽ. സെന്റർ(4), മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള ആറു ക്യൂ കോംപ്ലക്സുകൾ എന്നിവിടങ്ങളിലായി 14 ഇടത്ത് വൈഫൈ സൗകര്യം ഇതിനോടകം ഒരുക്കിയിട്ടുണ്ട്. ബാക്കി 13 കേന്ദ്രങ്ങളിൽ കൂടി സൗകര്യം ഡിസംബർ 30ന് മുമ്പ് പൂർത്തിയാക്കി മകരവിളക്കുത്സവത്തിനായി നട തുറക്കുമ്പോൾ സേവനം ലഭ്യമാക്കും.

അക്കോമഡേഷൻ ഓഫീസ് പരിസരം ,നടപ്പന്തലിലെ സ്റ്റേജിനു ഇടതു വലതു വശങ്ങൾ ,നടപ്പന്തലിലെ മധ്യഭാഗത്ത് ഇടത് -വലത് ഭാഗങ്ങൾ ,നടപ്പന്തലിലേക്ക് പ്രവേശിക്കുന്നിടത്ത് ഇടതും വലതും ഭാഗങ്ങൾ ,അപ്പം -അരവണ കൗണ്ടർ , നെയ്യഭിഷേക കൗണ്ടർ , അന്നദാനമണ്ഡപം , മാളികപ്പുറത്തെ രണ്ട് നടപ്പന്തലുകൾ എന്നിവിടങ്ങളിലാണ് ഈ കേന്ദ്രങ്ങൾ.

ഈ സീസണിൽ തന്നെ പമ്പയിലും നിലയ്ക്കലും കൂടി വൈഫൈ സൗകര്യമൊരുക്കമെന്നും അടുത്ത സീസണിൽ പ്രധാനപ്പെട്ട ഇടത്താവളങ്ങളിലും വൈഫൈ ലഭ്യമാക്കുമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് പറഞ്ഞു.

**ഭക്തർക്ക് സുഖദർശനം :സൗകര്യങ്ങളിൽ സംതൃപ്തർ**

ശബരിമല: മകരജ്യോതി മഹോത്സവത്തോടനുബന്ധിച്ച് പമ്പ മുതൽ ശബരിമല വരെ ഒരുക്കിയ സൗകര്യങ്ങളിൽ സംതൃപ്തി പ്രകടിപ്പിച്ച് ഭക്തജനങ്ങൾ. ചില ഭക്തരുടെ അഭിപ്രായങ്ങൾ ചുവടെ ആദ്യമായാണ് ശബരിമലയിൽ വരുന്നത്.

അയ്യപ്പസ്വാമിയെ കാണാൻ പറ്റുമോ എന്നുള്ള ആശങ്കയായിരുന്നു, ആ ഒരു വിഷമം എനിക്കുണ്ടായിരുന്നു എന്നാൽ നല്ല രീതിക്ക് പതിനെട്ടാം പടി കയറി ദർശനം നടത്താനും മറ്റ് ആചാരങ്ങൾ കൃത്യമായി അനുഷ്ഠിക്കാനും സാധിച്ചു. പോലീസിന്റെ ഭാഗത്തുനിന്നും നല്ല സഹകരണമായിരുന്നു എങ്ങും ഒരു ബുദ്ധിമുട്ടുണ്ടായില്ല. വെള്ളവും ഭക്ഷണവും ബിസ്കറ്റും എല്ലാം യാത്രാമധ്യേ കിട്ടി. വളരെ നല്ലൊരു അനുഭവമായിരുന്നു കണ്ണൂർ ഉളിക്കലിൽ നിന്നുള്ള ശ്യാമള പറഞ്ഞു

മൊത്തത്തിൽ നല്ല സൗകര്യങ്ങളും കൃത്യമായ ഏകോപനവും ദർശനം സുഗമമാക്കാൻ സഹായിച്ചു. പോലീസിന്റെ സമീപനവും വളരെ നല്ലതായിരുന്നു സർക്കാറിന് നന്ദി.തെലുങ്കാന ഹൈദ്രബാദിൽ നിന്നുള്ള അയ്യപ്പഭക്തൻ പറഞ്ഞു.

ഞാൻ ശബരിമലയ്ക്ക് വരുന്നതിനു മുമ്പേ എന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ടെന്നറിഞ്ഞിരുന്നു. എന്നാൽ എനിക്ക് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടായില്ല. ശരംകുത്തിയിൽ നിന്നും സന്നിധാനം വരെയുള്ള യാത്രയിൽ കുറച്ചു തിരക്ക് അനുഭവപ്പെട്ടു അത് ഒഴിച്ചുനിർത്തൽ മറ്റു ബുദ്ധിമുട്ടുകൾ ഒന്നും ഉണ്ടായില്ല ദർശനം വളരെ സുഗമമായിരുന്നു എന്നും ചെന്നൈയിൽ നിന്നുള്ള ഭക്തൻ പറയുന്നു.

ദേവസ്ഥാനത്ത് ഭക്തർക്ക് വേണ്ടി നല്ല സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് വെള്ളവും ഭക്ഷണവും പമ്പയിൽ നിന്നുള്ള യാത്രയിൽ ഉടനീളം നൽകി. വളരെ നല്ല ദർശനം നടത്താൻ സാധിച്ചു. എല്ലാ തലത്തിലുള്ള ഭക്തരെയും ഒരുപോലെ ഉൾക്കൊണ്ടുകൊണ്ട് ദർശനസൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് കർണാടക ഹുസൂരിൽനിന്നുള്ള അയ്യപ്പ ഭക്തൻ പറഞ്ഞു.

**ശബരിമല മകരവിളക്ക് തീർത്ഥാടകർക്ക് ദേവസ്വം ബോർഡ് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി : എക്സിക്യുട്ടീവ് ഓഫീസർ**

15 അരവണ . അപ്പം കൗണ്ടർ

36 ഇടങ്ങളിൽ ചുക്കുവെള്ളവും ബിസ്ക്കറ്റും വിതരണം

മാളികപ്പുറങ്ങൾക്കും കുട്ടികൾക്കും ദർശനത്തിന് പ്രത്യേക ക്യൂ

മകരവിളക്ക് മഹോത്സവത്തിനെത്തുന്ന തീർത്ഥാടകർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യമായ സൗകര്യങ്ങളൊരുക്കിയിട്ടുണ്ടെന്ന് എക്സിക്യുട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ പറഞ്ഞു

സന്നിധാനത്ത് പത്തും മാളികപ്പുറത്ത് അഞ്ചും അരവണ, അപ്പം വിതരണ കൗണ്ടർ നടത്തി വരുന്നു. മകരവിളക്കിനു മുന്നോടിയായി അരവണ സ്റ്റോക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഭക്തർക്കായി ദേവസ്വം ബോർഡ് 36

ഇടങ്ങളിൽ ബിസ്ക്കറ്റും, ചുക്കുവെള്ളവും വിതരണം ചെയ്യുവാനുള്ള സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്. തീർത്ഥാടകർക്ക് നിയന്ത്രണം കൂടാതെ മൂന്നുനേരം അന്നദാനം നൽകുവാനുള്ള സൗകര്യം വകുപ്പ് ഒരുക്കിയിരിക്കുന്നു.

സന്നിധാനവും പരിസരവും വൃത്തിയായി സൂക്ഷിക്കാനായി എല്ലാദിവസവും രാവിലെ 9 മണി മുതൽ 10 മണി വരെ എല്ലാ ദേവസം ബോർഡ് അംഗങ്ങളും പങ്കെടുത്തുകൊണ്ടുള്ള പവിത്രം ശബരിമല ശുചീകരണ പ്രക്രിയ നടത്തിവരുന്നു.

മുൻവർഷങ്ങളെ അപേക്ഷിച്ച് മാളികപ്പുറങ്ങളും, കുട്ടികളും കൂടുതൽ വരുന്നുണ്ട് അവർക്കായി സോപാനത്തിന് അരികിൽ നിന്ന് തൊഴാൻ പ്രത്യേകം ക്യൂ സജ്ജമാക്കിയിട്ടുണ്ട്. ഭക്തർക്ക് ദർശനത്തിനും വിശ്രമത്തിനും എല്ലാവിധ സൗകര്യങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിവരുന്നതായും എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

**ശബരിമലയിലെ ചടങ്ങുകൾ 01.01.2024**

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11.30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

3 മണിക്ക് നട തുറക്കും

6.30 ന് ദീപാരാധന

9.30 ന് അത്താഴ പൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും